(ബി) മൊത്തം എത്ര രൂപയുടെ പദ്ധതിക്കാണ് രൂപം നൽകിയത് ; കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിൽനിന്നും പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്ന സഹായം എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. കണ്ണൂർ ജില്ലയിലെ ബാരാപ്പോൾ ചെറുകിട ജലവൈദ്യുത പദ്ധതിയോടനുബന്ധിച്ച് കനാലിനു മുകളിൽ 2 മെഗാവാട്ടും കനാൽ തീരത്ത് 1 മെഗാവാട്ടും സൗരോർജ്ജ വൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത 2 പദ്ധതികളിലുമായി മൊത്തം 3 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) മേൽ പദ്ധതികൾക്കായി 34.95 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാരിൽ നിന്നും 7.5 കോടി രൂപ ധനസഹായം ലഭിക്കുന്നതാണ്.

കെൽട്രോണിനെ സംരക്ഷിക്കാൻ നടപടി

8 (*638) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തകർച്ച നേരിടുന്ന കെൽട്രോണിനെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ മേഖലയിൽ സർക്കാർ പദ്ധതികളിൽ കെൽട്രോണിനെ അവഗണിക്കുന്നുണ്ടോ ; ഇത് കെൽട്രോൺ കൂടുതൽ തകരുന്നതിനു കാരണമാക്കുന്നുണ്ടോ പരിശോധിച്ചിട്ടുണ്ടോ ;

(സി) സർക്കാരിന്റേതടക്കമുള്ള വിവിധ മേഖലകളിൽ കെൽട്രോണിനെ ഏൽപ്പിക്കാവുന്ന കാര്യങ്ങൾ എന്തൊക്കെയാണ് ; അത്തരം പ്രവൃത്തികൾ കെൽട്രോണിന് നൽകി അതിനെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി തുടർച്ചയായി ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെൽട്രോണിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ട്രാഫിക് സിഗ്നൽ, സെക്യൂരിറ്റി സർവൈലൻസ്, അറ്റൻഡൻസ് സിസ്റ്റം, ബയോമെട്രിക്ക് ഐഡികാർഡ്, ഡിഫൻസ് ഇലക്ട്രോണിക്സ്, എയ്റോസ്പേസ്, ഇലക്ട്രോണിക്സ്, ഐടി, ഐടി വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെൽട്രോണിന് വിവിധ പദ്ധതികൾക്കായി 16 കോടി രൂപയും അനുബന്ധ യൂണിറ്റായ കണ്ണൂരിലെ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സിന് വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാൻ 18 കോടി രൂപയും സർക്കാർ ഇതുവരെ അനുവദിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോൺ ഇലക്ട്രോ സിറാമിക്സിന്റെ ട്രാൻസ്ഡ്യൂസർ ഉൽപ്പാദനസംവിധാനങ്ങൾ നവീകരിക്കുന്നതിനായി 145 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(ബി&സി) ഇല്ല. ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ മേഖലയിൽ കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ധനസഹായം ഉൾപ്പെടെയുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സർക്കാർ വകുപ്പുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇലക്ട്രോണിക്സ് സംബന്ധമായ നവീന സാങ്കേതിക വിദ്യകൾ അടിസ്ഥാനമാക്കിയുള്ള വിവിധ പദ്ധതികൾ കെൽട്രോണിന്റെകൂടി പങ്കാളിത്തത്തോടെയാണ് നടപ്പിൽ വരുത്തുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള എൽഇഡി സ്ട്രീറ്റ് ലൈറ്റ് പദ്ധതി, സിഗ്നൽ സുരക്ഷാ സംവിധാനം എന്നിവ ഭാഗികമായി കെൽട്രോണിനെ സർക്കാർ ഏൽപ്പിച്ചിട്ടുണ്ട്.

ഇതുകൂടാതെ സർക്കാർ വകുപ്പുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിന് കെൽട്രോണിനെ നോഡൽ ഏജൻസിയാക്കുന്നതിലൂടെ കെൽട്രോണിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുന്നതാണ്.

ജാഗരൺ ഭാരത്

9 (*639) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജാഗരൺ ഭാരത് എന്ന പേരിൽ ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly